LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പൽ കോമൺ സർവ്വീസ് വർക്ക് സൂപ്രണ്ട് നിയമനം

23 [5166] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പിൽ വർക്ക് സൂപ്രണ്ട് തസ്തികയിലേക്കുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഈ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തില്ലെങ്കിൽ റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൺപത് (80) പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ 64 ഒഴിവുകൾ നിലവിലുണ്ട്.

(സി) ഒരു വർഷത്തിനകം ഉണ്ടായിട്ടുള്ള 27 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും, ഒരു വർഷത്തിനുമുമ്പ് ഉണ്ടായിട്ടുള്ള 37 ഒഴിവുകളിൽ 22-10-2001-ലെ 1208/2001/ധന. നമ്പർ ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനും നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകൾ, കെ. എസ്. എസ്. എസ്. ആറിലും സെക്രട്ടേറിയറ്റ് മാനുവലിലും ഉൾപ്പെടുത്താൻ നടപടി

24 [5167] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലോവർ ക്ലറിക്കൽ തസ്തികകളായ അറ്റന്റർ, ക്ലറിക്കൽ അസിസ്റ്റന്റ് എന്നീ കാറ്റഗറികൾ കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, കേരളാ ഗവൺമെന്റ് സെക്രട്ടേറിയറ്റ് മാനുവൽ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ;

(സി) പ്രസ്തുത കാറ്റഗറികൾ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലും, സെക്രട്ടേറിയറ്റ് മാനുവലിലും ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) കേരളാ ഗവൺമെന്റ് സെക്രട്ടേറിയറ്റ് മാനുവലിൽ അറ്റന്റർ, ക്ലറിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തസ്തികകളെ കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും കേരളാ ജനറൽ സബോർഡിനേറ്റ് സർവ്വീസ് (മിസലേനിയസ് പോസ്റ്റ്സ് ഇൻ സെക്രട്ടേറിയറ്റ്) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റൂൾസിലെ വ്യവസ്ഥകൾക്ക് പുറമേയുള്ള മറ്റു കാര്യങ്ങളിൽ കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾ ടി. വിഭാഗക്കാർക്കും ബാധകമാണ്.

പ്ലസ് ടു പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപക പരീക്ഷ

25 [5168] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് ടു അദ്ധ്യാപകരെ നിയമിക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം വിഭാഗങ്ങളിലേക്കുള്ള അദ്ധ്യാപക നിയമനത്തിനാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വിഷയങ്ങളിലേക്കുള്ള പ്ലസ് ടു അദ്ധ്യാപക നിയമനത്തിനാണ് ഇനിയും പി. എസ്. സി. പരീക്ഷ നടത്താനുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്ലസ് ടു പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപകരുടെ എത്ര ഒഴിവുകളിലേയ്ക്കാണ് പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) നേരിട്ടുള്ള നിയമനം വഴിയുള്ള എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഇ) പ്ലസ് ടു അദ്ധ്യാപകരായി നിയമനം നടത്തുന്നതിന് പി. എസ്. സി. എന്ന് പരീക്ഷ നടത്തും എന്ന് വ്യക്തമാക്കാമോ; പരീക്ഷ നടത്താത്തതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഹയർ സെക്കണ്ടറി (പൊളിറ്റിക്കൽ സയൻസ്) സ്കൂൾ അദ്ധ്യാപക നിയമനത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ ബി. എഡ്. യോഗ്യത നേടിയിട്ടില്ലാത്തവരും എന്നാൽ ചുരുങ്ങിയത് 50% മാർക്കോടുകൂടി എം. എ. പരീക്ഷയും പി. എച്ച്. ഡി., എം. ഫിൽ. തുടങ്ങിയ യോഗ്യതയിൽ ഏതെങ്കിലും നേടിയിട്ടുള്ളവരുമായ അപേക്ഷകർക്കു കൂടി പരീക്ഷ എഴുതുന്നതിനും, നിയമനത്തിന് അർഹരെങ്കിൽ നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly